INDIA EVANGELICAL LUTHERAN CHURCH
(Registered under the societies Registartion Act XXI 0f 1860) & M2(D) No. 45, 17.02.2022
THIRUVANANTHAPURAM SYNOD
Off : SYNOD OFFICE, CL.H.S.S. Compound, Peroorkada, Thiruvananthapuram- 695 005

Rev. M. MOHANAN
President
Mob : 9495301605
Email : revmohananielc@gmail.com

A. PRAMODKUMAR
Secretary
Mob : 9447521141
Email : pramod1341965@gmail.com

**No. Sec/TS......................** **Date....10/02/2023....**

**തിരുവനന്തപുരം സിനഡിന്റെ 5-ാമത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് (10-02-2023) മിനിറ്റ്സ്**

**കർത്തൃനാമത്തിൽ സ്നേഹവന്ദനം!**

ക്രിസ്തുവിൽ പ്രിയരെ,

തിരുവനന്തപുരം സിനഡിന്റെ 5-ാമത്തെ എക്സ്ക്യൂട്ടീവ് മീറ്റിംഗ് 10-02-2023 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സിനഡ് പ്രസിഡന്റ് റവ. എം. മോഹനൻ അവർകളുടെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ചു. 17 എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ സെക്രട്ടറി ശ്രീ.എ.പ്രമോദ്കുമാർ സ്വാഗതം ആശംസിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. 03-02-2023ൽ നടന്ന IELC ഭാരവാഹികളും, സിനഡ് ഭാരവാഹികളും തമ്മിൽ നടന്ന ചർച്ചകളുടെ വിശദവിവരം സെക്രട്ടറി യോഗത്തെ അറിയിച്ചു. സിനഡ് ഓഫീസിൽ ക്ലർക്ക് ആയി നിയമിതനായ ശ്രീ. സാബുവിനും ഓഫീസ് അസിസ്റ്റന്റ് ആയ ശ്രീ സേതുവിനും IELC യിൽനിന്നും ജനുവരിമാസത്തെ ശമ്പളം കിട്ടിയ വിവരം സെക്രട്ടറി യോഗത്തെ അറിയിക്കുകയും അതിനുള്ള നന്ദി IELC ഭാരവാഹികളെ അറിയിക്കുകയും ചെയ്തു.

**TDS 5.1** സിനഡ് ട്രഷറർ Mr. Varsus അവർകൾ 2023 ജനുവരിമാസത്തെ വരവു - ചെലവു കണക്കുകൾ അവതരിപ്പിച്ചു. യോഗം ചർച്ച ചെയ്യുകയും എല്ലാ മാസത്തെയും ആകെയുള്ള വരവുചിലവുകളും വ്യക്തതയോടെ അവതരിപ്പിക്കണമെന്നു നിർദ്ദേശിക്കുകയും, ഓരോ മാസത്തെയും നീക്കിയിരിപ്പ്/ അധികചെലവ്, ബാങ്ക് ബാലൻസ് എന്നിവ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും, ആയതിനു ടിയാനെ സഹായിക്കുവാൻ സെക്രട്ടറിയെയും, സിനഡ് എക്സിക്യൂട്ടീവ് മെമ്പർ ആയ ശ്രീ. ക്രിസ്റ്റിൻരാജിനെയും ചുമതലപ്പെടുത്തി. ട്രഷറർ സിനഡ് പബ്ലിഷ് ചെയ്ത കലണ്ടറിന്റെ വരവു ചെലവു കണക്കു വിവരം യോഗത്തിൽ അറിയിക്കുകയും ബാലൻസായി 31000 രൂപ ലഭിച്ചതായും ടി തുക സിനഡ് അക്കൗണ്ടിൽ ബാങ്കിൽ ഉള്ളതായും അറിയിച്ചു. കലണ്ടർ പ്രിന്റ് ചെയ്തതിൽ ബാക്കിയുള്ള ഷീറ്റിൽ സിനഡിന്റെ പേരിൽ കലണ്ടർ പ്രിന്റ്ചെയ്ത് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്കാനും യോഗം തീരുമാനിച്ചു.

**TDS 5.2** IELC വൈസ് പ്രസിഡന്റ് റവ. വൈ.കെ മോഹൻദാസ് അവർകളുടെ ചികിത്സാ സഹായമായി ലഭിച്ച തുകയുടെ കണക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് എടുത്ത് ചെക്ക് ചെയ്യുന്നതിനും, നാളിതുവരെ സിനഡ് സഹായിച്ച 1,50,000 രൂപയ്ക്കു പുറമേ, ഒരു ലക്ഷം രൂപയുടെ ചെക്ക് ഈ മാസം തന്നെ പാസ്റ്റർക്ക് കൈമാറാനും യോഗം തീരുമാനിച്ചു. അത് സിനഡ് ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ ഉടനെ കൈമാറണം എന്നും നിർദ്ദേശിച്ചു. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ ചികിത്സാ സഹായത്തിന്റെ പൂർണ്ണമായ കണക്ക് അവതരിപ്പിക്കണം എന്നും ട്രഷററോട് നിർദ്ദേശിച്ചു.

**TDS 5.3** മണ്ണാമൂല UPS നോടു ചേർന്ന് പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ സിനഡിന്റെ മേൽനോട്ടത്തിൽ തുടർന്നും നടത്താനും രണ്ടു നഴ്സറികളും ഒരുമിച്ച് നല്ല ചിട്ടയോടും എല്ലാവിധ ആധുനിക സൗകര്യത്തോടും കൂടി നടത്തിക്കൊണ്ടുപോകണം എന്നും, ഇപ്പോഴുമുള്ള 'lolipop' എന്ന സ്ഥാപനത്തിന്റെ തുടർച്ചയായി ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്താനും തീരുമാനിച്ചു. അവിടെ ഡേ കെയർ, പ്രീ-കെ.ജി, എൽ.കെ.ജി, യു.കെ.ജി എന്നിവയും തുടർന്ന് Std I,II ക്ലാസ്സുകളും ഈ അധ്യയന വർഷത്തിൽ തന്നെ തുടർന്നു നടത്താനും അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമപ്പെടുത്താനും യോഗം സ്കൂൾ മാനേജരെ ചുമതലപ്പെടുത്തി. ടി സ്കൂൾ കോമ്പൗണ്ടിൽ ലോക്കൽ മാനേജർ ആയി ആരും ഇല്ലാത്തതിനാൽ ലൂഥറൻ സ്കൂളിൽനിന്നും വിരമിച്ച ലൂഥറൻ സഭാംഗമായ ഒരു ടീച്ചറിനെ ചുമതലപ്പെടുത്തണം എന്നു തീരുമാനിക്കുകയും സിനഡിന്റെ പ്രതിനിധിയായി കാൽവരി ലൂഥറൻ സഭാംഗമായ റിട്ടെയർ ടീച്ചർ ശ്രീമതി മാലിനി ജയന്തി അവർകളെ ചുമതലപ്പെടുത്താനും സിനഡ് മാനേജർ ആയ പ്രൊഫ.ഡോ. ലാലദാസ് അവർകളെ സഹായിക്കുന്നതിനു നിർദ്ദേശം നല്കാനും യോഗം തീരുമാനിച്ചു.

**TDS 5.4** സിനഡ് സെക്രട്ടറി നമ്മുടെ സിനഡിലെ പോഷക സംഘടനകളുടെ പ്രവർത്തനത്തെക്കുറിച്ച് യോഗത്തിൽ അറിയിച്ചു. സൺഡേ സ്കൂൾ ഭംഗിയായി പ്രവർത്തിച്ച് വരുന്നതായും 2023 നവംബർമാസം 12-ാം തീയതി ഞായറാഴ്ച സൺഡേസ്കൂൾ പൊതുപരീക്ഷയും 2023 നവംബർ 18-ാം തീയതി സിനഡ് തലത്തിൽ കലാമത്സരവും നടത്തുന്ന വിവരം അറിയിച്ചു. നിലമേൽ സർക്കിളിലെ നോർത്ത് സോണിൽ സൺഡേസ്കൂൾ ടീച്ചേഴ്സ് സെമിനാർ നടത്തിയ സൺഡേസ്കൂൾ പ്രമോട്ടർ ആയ Rev. B.M. Salem നെ യോഗം അഭിനന്ദിച്ചു. സർക്കിൾതലത്തിൽ സണ്ടേസ്കൂൾ ടീച്ചേഴ്സ് സെമിനാർ നടന്നുവരുന്ന വിവരവും അറിയിച്ചു. യൂത്ത് ഫെല്ലോഷിപ്പിന്റെ പഠനപുസ്തകമായ “അപ്പോസ്തലന്മാർ” എന്ന പുസ്തകം 18-02-2023 ൽ നടക്കുന്ന സിനഡ് പ്രോഗ്രാമിൽ വച്ച് പ്രകാശനം ചെയ്യുകയും, ഈ മാസം തന്നെ എല്ലാ സഭകളിലും എത്തിക്കാം എന്നും യൂത്ത് പ്രമോട്ടർ റവ.എസ്.എസ്. ഷെർമർ അവർകൾ

അറിയിച്ചതായി സെക്രട്ടറി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. വനിതാ സംഘത്തിന്റെ പഠനസഹായി പുസ്തകമായ "കരുതൽ" ഡി.റ്റി.പി. വർക്ക് നടന്നുവരുന്നതായും ടി പുസ്തകവും 18-02-2023 ൽ പ്രകാശനം ചെയ്തു എല്ലാ സഭകളിലും എത്തിക്കും എന്നും പ്രമോട്ടർ ഡി.ജെ. സ്റ്റാൻലി അവർകൾ അറിയിച്ചു. സിനഡുതലത്തിൽ വാർഷികാഘോഷവും, ലൂഥറൻ മഹാസംഗമവും ഡിസംബർ 9-ാം തീയതി ശനിയാഴ്ച നടത്തുന്നതായും അറിയിച്ചു. ടി ദിവസത്തിൽ ഒരു സഭയിലും യാതൊരുവിധ പ്രോഗ്രാമുകളും നടത്താതെ എല്ലാവരും പൂർണ്ണമായും പങ്കെടുക്കണം എന്നും തീരുമാനിച്ചു.

**TDS 5.5** ലേമെൻ ഫെല്ലോഷിപ്പിന്റെ സിനഡ് തലത്തിലുള്ള പ്രവർത്തന ഉദ്ഘാടനം 18-02-2023 ശനിയാഴ്ച രാവിലെ 10 മണിക്ക് കൺകോർഡിയ ലൂഥറൻ സഭയിൽ വച്ച് നടക്കുന്നതായും അന്നേ ദിവസം ഒരു ധ്യാനയോഗവും നമ്മുടെ സിനഡിലെ എല്ലാ സഭകളിലെയും കപ്യാർമാരെയും സിനഡിലെ എല്ലാ ഇവാൻജലിസ്റ്റുകളെയും അന്നേദിവസം ആദരിക്കുന്നതായും പ്രമോട്ടർ റവ. അജു ജോൺ അറിയിച്ചു. എല്ലാ സഭകളിൽ നിന്നുള്ള ലേമെൻമാർ ഇതിൽ പങ്കെടുക്കണമെന്നും യോഗം നിർദ്ദേശം നല്കി. അതിനായി സിനഡ് എക്സിക്യൂട്ടീവ് മെമ്പർമാർ ആവശ്യമായ നിർദ്ദേശങ്ങൾ സഭകളിൽ നല്കണം എന്നും തീരുമാനിച്ചു.

**TDS 5.6** ലൂഥറൻ എംപ്ലോയിസ് ഫെല്ലോഷിപ്പിന്റെ സിനഡുതല പ്രവർത്തന ഉദ്ഘാടനം 15-04-2023 ശനിയാഴ്ച രാവിലെ 10 മണി മുതൽ പേരൂർക്കട കാൽവരി ലൂഥറൻ സഭയിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത യോഗത്തിൽ 2022 നവംബർ 1-ാം തീയതിക്കും 2023 മാർച്ച് 31 നും ഇടയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച എല്ലാവരെയും അനുമോദിക്കാനും, ഈ കാലഘട്ടത്തിൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്നവരെ ആദരിക്കാനും, തീരുമാനിച്ചു. ആ യോഗത്തിൽ വച്ച് നമ്മുടെ സിനഡിൽനിന്നും Ph.D, PG, UG എന്നിവയിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെയും (റാങ്ക് ഹോൾഡേഴ്സ്) MBBS, MD എന്നീ കോഴ്സുകൾക്ക് മെരിറ്റ് ക്വോട്ടയിൽ അഡ്മിഷൻ നേടിയവരെയും അനുമോദിക്കാൻ യോഗം തീരുമാനിച്ചു. സിനഡ് പ്രമോട്ടർ ആയ റവ. ഷൈൻലാൽ മലബാർ മേഖലയിൽ പോയി LEF ന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയതിൽ യോഗം അഭിനന്ദിച്ചു.

**TDS 5.7** പാസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങൾ സിനഡ് പ്രസിഡന്റ് യോഗത്തിൽ അവതരിപ്പിക്കുകയും ഈ വർഷം 5 സർക്കിളുകളിലും ഓരോ Pastors' Refreshment പ്രോഗ്രാമുകൾ നടത്തുന്നതാണെന്നും അറിയിച്ചു. 2023 ഫെബ്രുവരി 23-ാം തീയതി പൊൻവിള സർക്കിളിലെ നെയ്യാറ്റിൻകര സഭയിൽ വച്ച് ആദ്യ സെമിനാർ നടത്തുന്നതാണെന്നും യോഗത്തിൽ അറിയിച്ചു.

**TDS 5.8** നമ്മുടെ സിനഡിൽ 2023 ഏപ്രിൽ മാസത്തിൽ തന്നെ വി.ബി.എസ് നടക്കുന്നതിലേക്കുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു കഴിഞ്ഞതായി സെക്രട്ടറി യോഗത്തിൽ അറിയിച്ചു. വി.ബി.എസ് പ്രമോട്ടർ ആയ റവ. സന്തോഷ് ടെന്നിസന്റെ നേതൃത്വത്തിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന ജോലി അതിവേഗം പുരോഗമിക്കുന്നതായും ഐ.ഇ.എൽ.സി. വി.ബി.എസ്. കോ-ഓർഡിനേറ്ററായ റവ. ജോൺപ്രസാദിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് സ്റ്റഡി മെറ്റീരിയൽസ് തയ്യാറാക്കി വരുന്നതായും സെക്രട്ടറി യോഗത്തെ അറിയിച്ചു. വി.ബി.എസ് ടീച്ചേഴ്സിന്റെ ട്രെയിനിംഗ് 2023 ഏപ്രിൽമാസം 1-ാം തീയതി ശനിയാഴ്ച (കട്ടയ്ക്കോട്) കാട്ടാക്കട ലൂഥറൻ സഭയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**TDS 5.9** 2023 ഏപ്രിൽ 16-ാം തീയതി “വനിതാ ഞായർ” ആയി സിനഡിലെ എല്ലാ സഭകളിലും ആരാധന ക്രമീകരിക്കണം എന്നും പരമാവധി വനിതകൾക്ക് പ്രാധിനിത്യം കൊടുത്തുകൊണ്ട് ആരാധനകൾ ക്രമീകരിക്കുന്നതിന് പാസ്റ്റർമാർക്ക് നിർദ്ദേശം നല്കാനായി സിനഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അന്നേദിവസം എല്ലാ സഭകളിലും വനിതകൾക്ക് പ്രസംഗിക്കാൻഅവസരം നല്കണം എന്നും അതിനായി ആവശ്യമായ പരിശീലനം നല്കാൻ സിനഡ് പ്രമോട്ടർ ആയ റവ. ഡി.ജെ.സ്റ്റാൻലി അവർകൾക്ക് നിർദ്ദേശം നല്കി. കേന്ദ്രവിഷയം **1 പത്രോസ് 3:7**

“സ്ത്രീജനം ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നു ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ”. വനിതാ ഞായർ ഓരോ സഭയിലും നടത്തുന്നതിനെക്കുറിച്ച് എല്ലാ സർക്കിളിലെയും വനിതാ പ്രമോട്ടർമാരിൽനിന്നും റിപ്പോർട്ട് വാങ്ങാനും യോഗം തീരുമാനിച്ചു.

**TDS 5.10** Standing Committee on Socio-Economic development Committee Convenor Rev. Santhoshraj സഭയുടെ ഉന്നതിക്ക് ആവശ്യമായ കാര്യങ്ങൾ അവതരിപ്പിക്കുകയും ആയതു യോഗം ചർച്ച ചെയ്യുകയും ചെയ്തു. തിരുവനന്തപുരം സിനഡിന്റെ കീഴിൽ ഒരു "Media Communication Wing" ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം യോഗത്തിൽ ചർച്ച ചെയ്യുകയും ആയത് റവ.സന്തോഷ് രാജിന്റെ നേതൃത്വത്തിൽ 12-02-2023 ൽ ലഭിക്കുന്ന Expert Pannel നിന്നും ഉള്ള ആൾക്കാരെയും ഉൾപ്പെടുത്തി ആരംഭിക്കുവാൻ തീരുമാനിച്ചു. നമ്മുടെ സഭകളിൽ പഠനത്തിൽ വളരെയേറെ മികവുപുലർത്തുന്ന അനേകം വിദ്യാർത്ഥികൾ സാമ്പത്തിക ബാധ്യതമൂലം തുടർപഠനവും, ഉന്നത വിദ്യാഭ്യാസത്തിനും പോകാൻ കഴിയാതെ പ്രയാസപ്പെടുന്ന കാര്യം ചർച്ച ചെയ്യുകയും, അവർക്കായി പലതരം സ്കോളർഷിപ്പുകൾ സിനഡുതലത്തിൽ ഏർപ്പെടുത്തണം എന്നും തീരുമാനിക്കുകയും ആയതിലേക്ക് സ്പോൺസർമാരെ കണ്ടെത്താനും യോഗം റവ. സന്തോഷ് രാജിനെ ചുമതലപ്പെടുത്തി. നമ്മുടെ

സഭകളിൽനിന്നും സെമിനാരിയിൽ വൈദികപഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ ആവശ്യമെന്നു കാണുന്നുവെങ്കിൽ സഹായിക്കുന്നതിനും യോഗം തീരുമാനിച്ചു. നമ്മുടെ സഭകളിൽ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന പാസ്റ്റർമാർക്ക് M.Th., Ph.D തുടങ്ങിയ ഉന്നതപഠനത്തിന് പോകാൻ ആഗ്രഹമുള്ളവർക്ക് ആവശ്യമായ സഹായങ്ങൾ നല്കണം എന്ന സെക്രട്ടറിയുടെ നിർദ്ദേശത്തെ യോഗം അംഗീകരിക്കുകയും, ആയതിലേക്ക് അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ അവരെ പരമാവധി പ്രോത്സാഹിപ്പിക്കണം എന്നും യോഗം തീരുമാനിച്ചു.

**TDS 5.11** ചേർത്തലയിൽ ഉള്ള നമ്മുടെ വസ്തുവിൽ ഒരു ധ്യാനകേന്ദ്രമോ, റിട്രീറ്റ് സെന്ററോ തുടങ്ങുന്നത് നല്ലതാണെന്ന് യോഗത്തിൽ അഭിപ്രായം ഉണ്ടാകുകയും ആയതിലേക്ക് ഒരു നല്ല പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നല്കാനും അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ (11-03-2023) അവതരിപ്പിക്കാനും യോഗം റവ.സന്തോഷ്‌രാജിനെ ചുമതലപ്പെടുത്തി.

**TDS 5.12** എറണാകുളം രവിപുരത്തുള്ള നമ്മുടെ സഭ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വളരെ ദീർഘവീക്ഷണത്തോടെ ഏറ്റവും ആധുനിക സജ്ജീകരണങ്ങളോടെ പ്രാദേശികമായ ഉപയോഗ സാധ്യതയും സമന്വയിപ്പിച്ചുകൊണ്ട് ഒരു ബഹുനില കെട്ടിടം നിർമ്മിക്കണം എന്ന് Executive Memebr Mr. A.R. Shaji നിർദ്ദേശം വയ്ക്കുകയും പ്രാവീണ്യം നേടിയ ഒരു കൺസ്ട്രക്ഷൻ ഏജൻസിയെക്കൊണ്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 3മാസത്തിനകം ട്രസ്റ്റിന് സമർപ്പിക്കാൻ യോഗം റവ.സന്തോഷ് രാജിനെ ചുമതലപ്പെടുത്തി. രവിപുരത്തുള്ള കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യബോർഡിന്റെ വാടകയെക്കുറിച്ച് ചർച്ച ചെയ്യുകയും എല്ലാമാസവും 10-ാം തീയതിക്കു മുമ്പായി 12,500/- രൂപ സിനഡ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുകയും ആയതു അംഗീകരിക്കുകയും ചെയ്തു.

നമ്മുടെ സിനഡിന് ഒരു Official Face Book Page വേണം എന്ന ആശയം ഉണ്ടാവുകയും യോഗം ചർച്ച ചെയ്ത് അതു അംഗീകരിക്കുകയും അതിന്റെ മേൽനോട്ട ചുമതല Socio-Economic Committee Convener ആയ റവ. സന്തോഷ് രാജിനെ ഏല്പിക്കുകയും ചെയ്തു.

**TDS 5.13** തിരുവനന്തപുരം സിനഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രസിദ്ധീകരണങ്ങളുടെ മേൽനോട്ടത്തിനായും, പുതിയ ലേഖനങ്ങളും മാസികയും പബ്ലിഷ് ചെയ്യുന്നതിലേക്ക് ഒരു Literature Board ഉണ്ടാവണം എന്ന ആവശ്യം ചർച്ച ചെയ്യുകയും Expert Panel ൽ നിന്നും യോഗ്യതയുള്ള ആൾക്കാരെ ഉൾപ്പെടുത്തി അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ Literature Board രൂപീകരിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**TDS 5.14** Standing Committee on Properties Convener Rev. C.M. Sunilkumar സിനഡിന്റെ കീഴിലുള്ള വസ്തുവകകളെക്കുറിച്ച് യോഗത്തിൽ ഒരു വിവരണം നൽകുകയുണ്ടായി. സ്ഥലസഭകളിൽ നിന്നും പ്രാദേശിക പ്രാധാന്യം മനസ്സിലാക്കി

വിവിധ പ്രോജക്ടുകൾ തയ്യാറാക്കി വാങ്ങുന്നതിനും ആയതു IELC-TA യുടെ അംഗീകാരത്തിനായി സമർപ്പിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗത്തിൽ ഓരോ സഭയും എന്തെങ്കിലും പുതിയ പ്രോജക്ടുകൾ, ആരംഭിക്കണം എന്നും നിർദ്ദേശങ്ങൾ ഉണ്ടാവുകയും യോഗം ആയത് ചർച്ച ചെയ്ത് എല്ലാ സഭകൾക്കും നിർദ്ദേശം നല്കാനും തീരുമാനിച്ചു. എന്തെങ്കിലും ഒരു പുതിയ സ്ഥാപനം എത്രയും വേഗം ആരംഭിക്കണം എന്നും യോഗം തീരുമാനിച്ചു. അതു എല്ലാ സഭകളെയും അറിയിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**TDS 5.15** തിരുവനന്തപുരം സിനഡിന്റെ കീഴിലുള്ള പല സ്ഥലങ്ങളിലും പല സ്ഥാപനങ്ങളും യാതൊരുവിധ കരാറുകൾ ഒന്നും തന്നെയില്ലാതെ പ്രവർത്തിച്ചുവരുന്നു ആയതിലൂടെ സഭയ്ക്ക് ലഭിക്കുവാനുള്ള വരുമാനം പല തെറ്റായ വഴികളിലൂടെ ചോരുന്നതായും യോഗത്തിൽ സെക്രട്ടറി അറിയിച്ചു. യോഗം ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ട്രസ്റ്റ് ഡയറക്ടർ ആയ റവ. ജി. ജസ്റ്റിൻരാജിന്റെ നേതൃത്വത്തിൽ നമ്മുടെ സിനഡിലെ ട്രസ്റ്റ് അസ്സോസിയേഷൻ മെമ്പർമാർ, Properties Committe അംഗങ്ങളും ചേർന്ന് പരിശോധ നടത്തി ട്രസ്റ്റിന്റെ പേരിൽ പുതിയ കരാർ ഉടമ്പടികൾ ഉണ്ടാക്കി എത്രയുംവേഗം ട്രസ്റ്റിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതിനും അതിന് കൺവീനർ റവ. സി.എം. സുനിൽകുമാറിനെ യോഗം ചുമതലപ്പെടുത്തി.

**TDS 5.16** ലൂഥർഗിരി സർക്കിളിലെ മിത്രാനികേതൻ എന്ന സ്ഥലത്ത് ഉള്ള നമ്മുടെ സഭ ഇപ്പോൾ ആരാധന നടത്താതെ പൂട്ടിയിട്ടിരിക്കുന്നതായും എന്നാൽ ടി സ്ഥലത്ത് റബ്ബർ തടികൾ ഇറക്കിയിട്ട് കച്ചവടം നടത്താൻവേണ്ടി മാസവാടകയ്ക്ക് സ്വകാര്യ വ്യക്തിക്കു നല്കി മാസവാടക പല വ്യക്തികൾ കൈക്കലാക്കുന്നതായി യോഗത്തിൽ സെക്രട്ടറി അറിയിക്കുകയും ആയത് യോഗം ചർച്ച ചെയ്യുകയും ചെയ്തു. സിനഡ് പ്രസിഡന്റ് റവ. എം. മോഹനൻ അവർകൾ ടി സ്ഥലം ലൂഥർഗിരി സർക്കിളിലെ യൂത്ത് ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി തുടർന്ന് ആരാധന പുന:രാരംഭിക്കുന്ന ശ്രമങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ് എന്നു അറിയിക്കുകയും സമീപ സ്ഥലസഭയായ Kuragallore സഭയുടെ സഭാപുരോഹിതനായ റവ. ജസ്റ്റിൻരാജ് അവർകൾ പൂർണ്ണ സഹകരണത്തോടും അവിടെ പുതിയ ആലയവും ആത്മീക ഉണർവ്വുള്ള ഒരു സഭയായും അതിനെ മാറ്റാം എന്ന് അറിയിച്ചു. യോഗം അത് അംഗീകരിക്കുകയും സിനഡിന്റെ പൂർണ്ണമായ പിന്തുണ ഉറപ്പാക്കുകയും ചെയ്തു.

**TDS 5.17** Spl. Invitee ആയി യോഗത്തിൽ പങ്കെടുത്ത ലൂഥറൻ സ്കൂൾ മാനേജർ പ്രൊഫ.ഡോ. കെ.പി. ലാലാദാസ് നമ്മുടെ സ്കൂളുകളുടെ ഇപ്പോഴത്തെ ശോചനീയ അവസ്ഥ വിശദമായി അവതരിപ്പിക്കുകയും എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ആധുനിക രീതിയിൽ സ്ഥാപിക്കുവാൻ ഏകദേശം 7.50 കോടി രൂപ ആവശ്യം ഉണ്ടെന്ന് അറിയിക്കുകയുണ്ടായി. യോഗം ചർച്ച ചെയ്ത് ഓരോ

സ്കൂളിന്റെയും ആവശ്യങ്ങൾ കാണിച്ച് പ്രത്യേകം, പ്രത്യേകം പ്രോജക്ട് റിപ്പോർട്ടുകൾ അവതരിപ്പിക്കുവാനും ആയത് ഐ.ഇ.എൽ.സി. മുഖേന LCMS ന്റെ മുമ്പിൽ സ്പെഷ്യൽ പ്രോജക്ടായി സമർപ്പിക്കുവാനും തീരുമാനിച്ചു. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ (11-03-2023) തന്നെ ഓരോ സ്കൂളിന്റെയും പ്രോജക്ട് റിപ്പോർട്ടുകൾ അവതരിപ്പിക്കാനും നിർദ്ദേശം നല്കി.

**TDS 5.18** നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, കേരള ഗവൺമെന്റിന്റെ ഉത്തരവുകളുടെ പിൻതുടർച്ചയായി ബഹു. കേരളാ ഹൈക്കടോതി ഉത്തരവുപ്രകാരം Physically Challenged (ഭിന്നശേഷിക്കാരായ) ആയ ഉദ്യോഗസ്ഥരുടെ എണ്ണം 4% എങ്കിലും മിനിമം വേണം എന്നുള്ള കാര്യം മാനേജർ യോഗത്തിൽ അവതരിപ്പിക്കുകയും സിനഡ് പ്രസിഡന്റ് അതിന്റെ പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സഭകളിൽ നിന്നും Physically Challenged ആയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. നമ്മുടെ സ്കൂളുകളിൽ ഈ വർഷം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. പേരൂർക്കട കൺകോർഡിയ എച്ച്.എസ്.എസ്. ഇപ്പോൾ നിലവിലുള്ള കൊമേഴ്സ് അധ്യാപകരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു.

**TDS 5.19** നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന അധ്യാപകരുടെയും അനധ്യാപകരുടെയും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വരുന്ന വിവരം മാനേജർ യോഗത്തിൽ അറിയിച്ചു. വളരെ വർഷങ്ങൾക്ക് മുമ്പുള്ള അപ്രൂവൽ സീനിയോറിറ്റി ലിസ്റ്റ് ആണ് നിലവിലുള്ളതെന്നും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഒരുപാട് പിഴവുകൾ ഉണ്ടായിട്ടുള്ളതായും അപ്രൂവൽ ആകാത്ത അനേകം അധ്യാപകർ പല സ്കൂളുകളിലും ജോലി ചെയ്തുവരുന്നതായും മാനേജർ യോഗത്തിൽ അറിയിച്ചു. യോഗം അത് ചർച്ച ചെയ്യുകയും ഈ മാസം 20-ാം തീയതിക്കുമുമ്പായി വ്യക്തത വരുത്തിയ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി എല്ലാ അധ്യാപകർക്കും പരിശോധനയ്ക്കു നല്കി അഭിപ്രായം രേഖപ്പെടുത്തിയശേഷം ഡി.പി.ഐ. ആയി ബന്ധപ്പെട്ട് താമസമില്ലാതെ അപ്രൂവൽ ലഭിച്ച ലിസ്റ്റ് നമ്മുടെ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതാണ് എന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. അത് ലഭിച്ചാൽ മാത്രമേ നമ്മുടെ സ്ഥാപനങ്ങളിലെ ടീച്ചർമാരുടെ യഥാർത്ഥ അവസ്ഥ അറിയാൻ കഴിയുകയുള്ളൂ എന്നും യോഗം വിലയിരുത്തി.

**TDS 5.20** Standing Committee on Education Convener Adv. Money അവർകൾ വിശദമായ റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിക്കുകയും നമ്മുടെ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് അത്യാവശ്യമായി School HM/Principal, സഭാഭാരവാഹികൾ/Pastor മാരുടെ കോർഡിനേഷൻ മീറ്റിംഗുകൾ 5 സ്ഥലങ്ങളിൽ

ആയി നടത്തുന്ന വിവരം യോഗത്തിൽ അറിയിച്ചു. 12-02-2023 ൽ ലൂഥർഗിരി സ്കൂളിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന മീറ്റിംഗ് ലൂഥർഗിരി സർക്കിൾ ജനറൽബോഡി നടക്കുന്നതിനാല് സഭാകമ്മറ്റി ഭാരവാഹികൾക്ക് പങ്കെടുക്കുവാൻ അസൗകര്യം ആയതിനാൽ 24-02-2023 വൈകുന്നേരം 3 മണിക്ക് നടത്തുന്ന വിവരം അറിയിച്ചു. പൊൻവിള സ്കൂളിന്റെ ആവശ്യത്തിനായി പുതിയ സ്കൂൾ ബിൽഡിംഗ് എത്രയും വേഗം നിർമ്മാണം ആരംഭിക്കുവാനും പഞ്ചായത്ത് പെർമിഷൻ ലഭിക്കുന്ന മുറക്ക് തീരുമാനം എടുക്കാം എന്നും യോഗം തീരുമാനിച്ചു. പഞ്ചായത്ത് പെർമിറ്റ് ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ യോഗം അഡ്വ. മണിയെ ചുമതലപ്പെടുത്തി.

**TDS 5.21** 2023 ഏപ്രിൽ മാസത്തിൽ നടക്കാൻ പോകുന്ന പാസ്റ്റർമാരുടെ ട്രാൻസ്ഫർ സംബന്ധിച്ച ചർച്ചകൾ നടത്തുകയും ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളും അപേക്ഷകളും Standing Committee on Mission and Stewardship വിശദമായി ചർച്ച ചെയ്ത വിവരം കൺവീനർ ശ്രീ. എ.ആർ. ഷാജി അവർകൾ യോഗത്തിൽ അറിയിക്കുകയും തുടർന്ന് ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രാൻസ്ഫർ ലിസ്റ്റ് യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. യോഗം ചർച്ച ചെയ്ത് ചില ഭേദഗതികൾ വരുത്തുകയും ചെയ്തു. കൽപ്പറ്റ ലൂഥറൻ സഭയിലെ ചില ആളുകൾ ഒപ്പിട്ട് ടി സഭയിലെ പാസ്റ്റർ ആയ റവ. ഷൈൻ. എസ്.എൽ.രാജിനെ ട്രാൻസ്ഫർ ചെയ്യണം എന്നുള്ള അപേക്ഷ ഇന്നേദിവസം രാവിലെ സിനഡ് ഓഫീസിൽ എത്തിക്കുകയുണ്ടായി. ആയതു സഭയുടെ ലെറ്റർപാഡിൽ സഭാകമ്മിറ്റി ഭാരവാഹികളായ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ ആരുടെയും തന്നെ ഒപ്പില്ലാതെ വെള്ളപേപ്പറിൽ സഭയുടെ സീൽ പതിച്ചു ലഭിച്ചതിൽ സിനഡ് സെക്രട്ടറി സംശയം പ്രകടിപ്പിക്കുകയും ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിക്കുന്നത് നമ്മുടെ സഭ്യ്ക്ക് നല്ലതല്ല എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. തുടർന്ന് ചർച്ച ചെയ്യുകയും Standing Committee on Mission and Stewardship ടി പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നല്കാനും റിപ്പോർട്ടിന്മേൽ ആവശ്യമെന്നുകണ്ടാൽ മാത്രം ട്രാൻസ്ഫർ നടത്തിയാൽ മതിയെന്നും തീരുമാനിച്ചു. തേവൻപാറ പാസ്റ്ററേറ്റിൽ നിന്നും ടി സഭയിലെ പാസ്റ്റർ ആയ റവ. സി.എച്ച് ആൽഫ്രഡിനെതിരെ നല്കിയ പരാതി ചർച്ച ചെയ്യുകയും സിനഡ് പ്രസിഡന്റ് റവ.എം. മോഹനൻ അവർകൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു. തുടർന്ന് യോഗം റവ. സി.എച്ച് ആൽഫ്രഡിനെ ആ സഭയിൽനിന്നും ട്രാൻസ്ഫർ ചെയ്യാനും തീരുമാനിച്ചു. ഈ വരുന്ന ഞായറാഴ്ചകളിൽ (ഒരു ക്രമീകരണം ഉണ്ടാകുന്നതുവരെ) പ്രോബേഷണറി പാസ്റ്റർ ആയ ശ്രീ. മെൽവിനെ തേവൻപാറ സഭയിൽ ആരാധന നടത്താനായി ചുമതലപ്പെടുത്തി. ഭേദഗതികളോടെ യോഗം സ്ഥലമാറ്റ പരിഗണനയിലുള്ള പാസ്റ്റർമാരുടെയും ഒഴിവുവരുന്ന സഭകളുടെയും ലിസ്റ്റ് പബ്ലിഷ് ചെയ്തു ആയത് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഈ ലിസ്റ്റിൽ നിന്നും അനുയോജ്യമായ 5 സഭകൾ തിരഞ്ഞെടുത്ത് അപേക്ഷ നല്കാൻ പാസ്റ്റർമാർക്ക് 01-03-2023 വരെയും, സ്ഥലസഭകൾക്ക് (പാസ്റ്ററേറ്റ്) 3 പാസ്റ്റർമാരുടെ പേരു നല്കാൻ 01-03-2023 വരെയും സമയം അനുവദിക്കുകയും ആയതു പരിശോധിച്ച് ഒരു ഡ്രാഫ്റ്റ് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കാൻ Standing Committee on Mission and Stewardship നെ ചുമതലപ്പെടുത്തി.

**<u>TDS 5.22</u>** IELC യുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം നമ്മുടെ സഭയിലെ ഇപ്പോൾ ഉള്ള അസ്സെസ്മെന്റ് തുക പുന:ക്രമീകണം നടത്തേണ്ട ആവശ്യം യോഗത്തിൽ സെക്രട്ടറി അവതരിപ്പിച്ചു. 2023 എപ്രിൽമാസം മുതൽ IELC യിലെ എല്ലാ പാസ്റ്റർമാർക്കും, IELC യിലെ എല്ലാ സ്റ്റാഫുകൾക്കും ഇപ്പോഴത്തെ ശോചനീയവും, തുച്ഛവുമായ ശമ്പളത്തിൽ ന്യായമായ വർദ്ധന വരുത്തി പുതിയ ശമ്പള സ്കെയിൽ നടപ്പിലാക്കാൻ പോകുന്ന വിവരം അറിയിക്കുകയും ആയതിലേക്ക് IELC യുടെ വരുമാനം വർദ്ധിപ്പിക്കേണ്ട ആവശ്യകത യോഗത്തിൽ ചർച്ച ചെയ്തു. ഭരണഘടനയിൽ പ്രതിപാദിക്കുന്ന പ്രകാരം നമ്മുടെ സഭയുടെ വരുമാനത്തിന്റെ 70% അസ്സെസ്മെന്റ് തുകയായി നല്കണം എന്ന നിർദ്ദേശം യോഗം ചർച്ച ചെയ്യുകയും ആയതു പ്രായോഗികമല്ലാത്തതിനാൽ ഭരണഘടനയുടെ പേജ് നമ്പർ 36-ൽ പറയും പ്രകാരം [Clause I, Sub: Section 5 (c)] അസ്സെസ്മെന്റ് തുക കണക്കാക്കി പുന:ക്രമീകരിക്കാൻ തീരുമാനിക്കുകയും അതിൻപ്രകാരം IELC ജനറൽ ട്രഷറർ-കം-സെക്രട്ടറി നിർദ്ദേശിക്കുന്ന അടിസ്ഥാനത്തിൽ, ഞായർ കാണിക്ക, തിരുവത്താഴ കാണിക്ക, മാസാന്ത്യ കാണിക്ക, ഭവനാരാധന കാണിക്ക, ക്രിസ്തുമസ്, ന്യൂ ഇയർ, ഈസ്റ്റർ, ഹാർവസ്റ്റ് ഫെസ്റ്റിവൽ കാണിക്ക എന്നിവയുടെ അടിസ്ഥാനത്തിൽ മാസവരുമാനം കണക്കാക്കുന്നതും ആകുന്നു. അസ്സെസ്മെന്റ് പുന:ക്രമീകരണത്തിനായി സിനഡ് തലത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു.

സിനഡ് പ്രസിഡന്റ്, സിനഡ് സെക്രട്ടറി, സിനഡ് ട്രഷറർ സി.സി. മെമ്പറായ ശ്രീ. സെൽവരാജ്, അതാതു സർക്കിളിലെ സർക്കിൾ പ്രസിഡന്റ്, സർക്കിൾ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതി ഓരോ സർക്കിളിലെയും സൗകര്യപ്രദമായ സ്ഥലത്ത് വച്ച് സഭകളുടെ റിക്കാർഡുകൾ വിളിച്ചുവരുത്തി പരിശോധന നടത്തി അസ്സെസ്മെന്റ് തുക നിശ്ചയിച്ച് IELC യ്ക്ക് 2023 മാർച്ച് 10-ാം തീയതിക്കു മുമ്പായി നല്കാനും ചർച്ച് കൗൺസിൽ തീരുമാനപ്രകാരം നടപ്പിലാക്കാനും തീരുമാനിച്ചു. അതിൻപ്രകാരം ഈ സമിതിയുടെ സർക്കിൾതല പരിശോധന താഴെപറയും പ്രകാരം ക്രമപ്പെടുത്തി.

1. പൊൻവിള സർക്കിൾ 14/02/2023 & 15/02/2023
2. നിലമേൽ സർക്കിൾ (South Zone) 17/02/2023
3. നിലമേൽ സർക്കിൾ (Nouth Zone)21/02/2023
4. തിരുവനന്തപുരം സർക്കിൾ 18/02/2023 & 19/02/2023
5. ലൂഥർഗിരി സർക്കിൾ 24/02/2023 & 25/02/2023
6. നിലമേൽ സർക്കിൾ (Central Zone) 27/02/2023
7. ബാലരാമപുരം സർക്കിൾ 02/03/2023 & 03/03/2023

സിനഡ് സബ്-കമ്മിറ്റി താഴെ പറയുന്ന റിക്കാർഡുകൾ പരിശോധിക്കണം എന്നും തീരുമാനിച്ചു.

1. Church Account Book
2. Bank Pass Book
3. Sunday Service Register
4. Last Assesment details (including receipt from CBO/Bank record)
5. Monthly Contribution Register
6. Church data Collection form

കൂടുതലായി എന്തെങ്കിലും രേഖകൾ പരിശോധിക്കേണ്ടതായി ആവശ്യം വരികയാണെങ്കിൽ ടി സഭകളിൽ സന്ദർശനം നടത്തി വിവരശേഖരണം നടത്തേണ്ടതാകുന്നു എന്നും തീരുമാനിച്ചു.

**TDS 5.23** നമ്മുടെ സിനഡുതലത്തിൽ സ്കൂൾ കുട്ടികൾക്കായി നോട്ടു ബുക്ക്സ്, മറ്റു അത്യാവശ്യ സാധനങ്ങൾ എന്നിവ നമ്മുടെ സിനഡ് മുൻകൈ എടുത്തു വിപണിയെക്കാൾ വില കുറച്ച് എല്ലാ സഭകൾക്കും നല്കണം എന്ന ആശയം സെക്രട്ടറി യോഗത്തിൽ അറിയിച്ചു. യോഗം വിശദമായി ചർച്ചകൾ നടത്തി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രോജക്ട് ആയി അവതരിപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**TDS 5.24** മണ്ണാമൂല യു.പി.എസ്. കോമ്പൗണ്ടിൽ ഗ്രൗണ്ടിന്റെ അടുത്തുള്ള പഴയ കെട്ടിടം പുതുക്കി മിനി ഹാൾ ആയി മാറ്റി നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു. അതുപോലെ ടി ഗ്രൗണ്ടിൽ നിന്നും ലഭിക്കുന്ന വാടക തുകകൾ എല്ലാംതന്നെ ബാങ്ക് അക്കൗണ്ടിൽ വരുന്നോ എന്ന് ഉറപ്പുവരുത്താൻ യോഗം ട്രഷററെ ചുമതലപ്പെടുത്തി. ടി ഗ്രൗണ്ടിന്റെ സമീപത്ത് Synthetic ground (ടർഫ്) നിർമ്മിക്കാൻ സാധിച്ചാൽ അത് സിനഡിനും നമ്മുടെ സഭയിലെ യുവതീ-യുവാക്കൾക്കും ഏതു സമയത്ത് കളിക്കാനും, മറ്റു വിനോദത്തിനും പ്രയോജനപ്പെടുത്താൻ കഴിയും എന്നുള്ള സെക്രട്ടറിയുടെ നിർദ്ദേശം യോഗം ചർച്ച ചെയ്തു. അതിലൂടെ 2 ലക്ഷം രൂപ അഡ്വാൻസായും 20,000 രൂപയോളം വാടക ലഭിക്കുമെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. അതു യോഗം ചർച്ച ചെയ്യുകയും അതിന്റെ വിശദവിവരവും, അതു നിർമ്മിക്കാൻ തയ്യാറായി വരുന്നവരെ ഉൾപ്പെടുത്തി ഒരു പരസ്യ ടെൻഡർ വിളിച്ച് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**TDS 5.25** ബാലരാമപുരം ബംഗ്ലാവ് ഇപ്പോൾ "ഭഗവതി നട" ലൂഥറൻ സഭയായി ഉപയോഗിച്ചുവരുന്നു. ടി കോമ്പൗണ്ട് സ്വകാര്യ വ്യക്തികൾ പലതരത്തിലുള്ള കൃഷികൾക്കും, ഇതര ആവശ്യങ്ങൾക്കും ഉപയോഗിച്ചുവരുന്നതായും ടി കോമ്പൗണ്ടിൽ (ഏകദേശം 5 ഏക്കർ) സന്ദർശനം നടത്തിയ സിനഡ് സെക്രട്ടറി, കൺവീനർ committee for properties എന്നിവർ യോഗത്തിൽ അറിയിക്കുകയും,

അവിടെനിന്നുള്ള പലതരത്തിലുള്ള വരുമാനം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തി വരുന്നതായും അറിയിച്ചു. യോഗം ചർച്ച ചെയ്യുകയും അവിടെ താമസിക്കുന്ന റിട്ടെയർ പാസ്റ്റർ ആയ റവ. എഡിസൺ അവർകളെ ലഭ്യമായ രേഖകളുമായി സിനഡ് ഓഫീസിൽ വച്ച് ചർച്ച നടത്താൻ സിനഡ് സെക്രട്ടറിയെയും പ്രസിഡന്റിനെയും ചുമതലപ്പെടുത്തി. ടി ബംഗ്ലാവ് ബാലരാമപുരം സർക്കിളിന്റെ കീഴിൽ ഒരു പ്രോജക്ട് സൈറ്റ് ആക്കി മാറ്റണമെന്നും, ബാലരാമപുരം സർക്കിൾ ഓഫീസ് അവിടെ ഉപയോഗിക്കണം എന്നുമുള്ള നിർദ്ദേശം യോഗം അംഗീകരിക്കുകയും അതോടൊപ്പം സമീപമുള്ള നമ്മുടെ ഏതെങ്കിലും സഭയുടെ മേൽനോട്ടത്തിൽ ഏല്പിക്കണം എന്നുമുള്ള സെക്രട്ടറിയുടെ നിർദ്ദേശം യോഗം ചർച്ച ചെയ്തു അംഗീകരിക്കുകയും ടി വിവരം സർക്കിൾ ഭാരവാഹികളെയും സമീപസ്ഥരായ സഭാക്കമ്മറ്റികളെയും അറിയിക്കാനും യോഗം തീരുമാനിച്ചു.

**TDS 5.26** മണ്ണാമൂലയുള്ള ബംഗ്ലാവ് തിരുവനന്തപുരം സർക്കിൾ കമ്മിറ്റിയ്ക്ക് താല്പര്യമുണ്ടെങ്കിൽ അവരുടെ സർക്കിൾ കമ്മിറ്റി ഓഫീസായി ഉപയോഗിക്കാനും, സർക്കിളിലെ പൊതു പരിപാടികൾ അവിടെ വച്ചു നടത്താനും യോഗം തീരുമാനിച്ചു. സർക്കിളിനു താല്പര്യമില്ലായെങ്കിൽ സമീപസ്ഥരായ എതെങ്കിലും സഭയുടെ മേൽനോട്ടത്തിൽ ഏല്പിക്കാനും യോഗം തീരുമാനിച്ചു. അവിടെ അതിക്രമിച്ച് കുടിയേറി കഴിയുന്ന സാമൂഹ്യവിരുദ്ധരായ എല്ലാവരെ എത്രയും വേഗം അവിടെനിന്ന് പുറത്താക്കി കോമ്പൗണ്ട് വൃത്തിയായും ഭംഗിയായും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം എന്നും യോഗം തീരുമാനിച്ചു.

**TDS 5.27** നമ്മുടെ സിനഡിന്റെ കീഴിൽ ഒരു കാലത്ത് സജീവമായി പ്രവർത്തിച്ചിരുന്ന പല സഭകളും ഇന്ന് ആരാധന നടക്കാതെ സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായി മാറിയിരിക്കുന്ന വിവരം സിനഡ് പ്രസിഡന്റ് യോഗത്തിൽ അറിയിക്കുകയും അതു സിനഡിന്റെ New Centre ആയി പോഷക സംഘടനകളുടെ സഹായത്താൽ ഉണർത്തിയെടുക്കണം എന്നും യോഗം തീരുമാനിച്ചു. അതിനുള്ള പ്രവർത്തനങ്ങൾ അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ചർച്ച ചെയ്തു തീരുമാനിക്കുന്നതാകുന്നു

**TDS 5.28** തിരുവനന്തപുരം സിനഡിലെ എല്ലാ പാസ്റ്റർമാർക്കും ഒരു സർവ്വീസ് ബുക്ക് വേണം എന്ന ആവശ്യം യോഗം ചർച്ച ചെയ്തു. ടി സർവ്വീസ് ബുക്കുകൾ തയ്യാറാക്കുന്നതിന്റെ ചുമതല സിനഡ് ജോയിന്റ് സെക്രട്ടറി ശ്രീമതി കല. റ്റി യെ ഏല്പിക്കുകയും നമ്മുടെ ഓഫീസ് ക്ലർക്ക് ശ്രീ. സാബുവിന്റെ സേവനം കൂടി പ്രയോജനപ്പെടുത്തി 31-03-2023 നുമുമ്പായി തന്നെ സർവ്വീസ് ബുക്ക് ആരംഭിക്കുവാനും യോഗം നിർദ്ദേശം നല്കി. നമ്മുടെ സിനഡിലെ ഒരു പാസ്റ്ററിന്റെ ബയോഡേറ്റ ഫോം ഒഴികെ ബാക്കിയെല്ലാം സിനഡ് ഓഫീസിൽ ലഭിച്ചതായി സെക്രട്ടറി യോഗത്തെ അറിയിച്ചു.

**TDS 5.29** നമ്മുടെ സിനഡിലെ എല്ലാ പാസ്റ്റർമാർക്കും ഗ്രൂപ്പ് ഇൻഷുറൻസ് ലഭ്യമാക്കുന്നതിനെക്കുറിച്ച് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. റവ. ലിവിംഗ്സ്റ്റൺ അവർകളുടെ സഹായം കൂടി പ്രയോജനപ്പെടുത്തി ഇൻഷുറൻസ് കവറേജ് ലഭ്യമാക്കാൻ നടത്തിയ ശ്രമങ്ങൾ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. അതിന്റെ പ്രായോഗിക വൈഷമ്യതകൾ യോഗം ചർച്ച ചെയ്തു. നാം തയ്യാറാക്കുന്ന Expert Panel-ൽ insurance മേഖലയിൽ പ്രാവീണ്യമുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി കൂടുതൽ അന്വേഷണം നടത്താൻ യോഗം തീരുമാനിക്കുകയും IELC തലത്തിൽ ഇൻഷുറൻസ് നടപ്പിലാക്കാൻ കഴിയുമോ എന്നു കൂടി തിരക്കാൻ യോഗം തീരുമാനിച്ചു.

സിനഡ് ഓഫീസിന്റെ മുൻവശത്തു നിന്ന പ്ലാവ് മരത്തിലെ ചക്കകൾ ലേലം ചെയ്ത് കൊടുത്ത ഇനത്തിൽ 1000 രൂപ ലഭിച്ച വിവരം സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സിനഡിന്റെ പ്രവർത്തന ഫണ്ട് സ്വരൂപിക്കാനായി എല്ലാ സഭകളിൽ നിന്ന് കുറഞ്ഞത് 500 രൂപയെങ്കിലും നല്കണം എന്നും സുമനസ്സുകളുടെ സംഭാവനയും ലഭിക്കുന്നതിന്റെ കണക്ക് സിനഡ് അക്കൗണ്ടിൽ ബാങ്ക് മുഖേന മാത്രമേ സ്വീകരിക്കാവൂ എന്നും അതിന്റെ കണക്കുവിവരം അടുത്ത മീറ്റിംഗിൽ അറിയിക്കണം എന്നും യോഗം തീരുമാനിച്ചു.

**TDS 5.30** തിരുവനന്തപുരം സിനഡിന്റെ എല്ലാ സഭകളിൽ നിന്നും പ്രവർത്തന റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ സിനഡ് ഓഫീസിൽ അയച്ചുതരണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മുതൽ 2023 മാർച്ചുവരെയുള്ള റിപ്പോർട്ട് ഏപ്രിൽ 10-ാം തീയതിക്കുമുമ്പായി സിനഡ് ഓഫീസിൽ നല്കേണ്ടതാണ്. എല്ലാ പാസ്റ്റർമാരും അവരുടെ പ്രവർത്തന റിപ്പോർട്ട് ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി സിനഡ് പ്രസിഡന്റിനു നല്കേണ്ടതാകുന്നു. ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ട് മാർച്ച് 5-ാം തീയതിക്കു മുമ്പായി സിനഡ് ഓഫീസിൽ നല്കേണം എന്നും തീരുമാനിച്ചു.

സിനഡ് വൈസ്പ്രസിഡന്റ് റവ. ജെ. മോഹൻരാജ് അവർകളുടെ പ്രാർത്ഥനയോടെയും സിനഡ് പ്രസിഡന്റ് റവ.എം.മോഹനൻ അവർകളുടെ ആശീർവാദത്തോടും രാവിലെ 10 മണിക്ക് ആരംഭിച്ച 5-ാമത്തെ സിനഡ് എക്സിക്യൂട്ടീവ് മീറ്റിംഗ് വൈകുന്നേരം 5.15 മണിക്ക് അവസാനിച്ചു.

അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ് (6-ാമത്തെ) 11/03/2023 ശനിയാഴ്ച നടത്തുന്നു.

**Rev. M. Mohanan**
President

**A. Pramod Kumar**
Secretary